# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 695:** **11/12/2012- ൽ മറുപടിക്ക്**

## വടകര താലൂക്കിൽ പുതിയ വ്യവസായ സംരംഭം

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. കെ. നാണു :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം വടകര താലൂക്കിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; വ്യക്തമാക്കുമോ; | (എ) | ഒക്ടോബർ മാസത്തിലെ എം.എസ്.എം.ഇ.ഡി. ആക്ട് 2006 നിലവിൽ വന്നതിനു ശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഫയൽ ചെയ്യാവുന്നതാണ്. ആയതുപ്രകാരം വടകര വ്യവസായ സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് താലൂക്കിൽ 172 യൂണിറ്റുകൾ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഭാഗം-I ഫയൽ ചെയ്തിട്ടുണ്ട്.<br><br>കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ വടകര താലൂക്കിലെ കുറ്റ്യാടിയിൽ നാളികേര അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഈ പാർക്കിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് വ്യവസായങ്ങൾക്ക് പാർക്കിൽ സ്ഥലം അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ചെറുകിട വ്യവസായങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾക്കുമായി ഏതെങ്കിലും ഗ്രൂപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഈ സാമ്പത്തിക വർഷം വടകര താലൂക്കിന് താലൂക്ക് വികസന സമിതി മുഖേന എത്ര തുക അനുവദിച്ചു എന്ന വ്യക്തമാക്കുമോ? | (സി) | തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ